പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2547 18.06.2014 ന് മറുപടിയ്ക്ക്

മാടായി ഐ.ടി.ഐ. - യിലെ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ. - യിൽ ഇപ്പോൾ എന്തൊക്കെ കോഴ്സുകളാണ് നടത്തിവരുന്നത് ; എത്ര കുട്ടികളാണ് പ്രസ്തുത കോഴ്സുകളിൽ പഠിക്കുന്നത് ; വിശാദംശം നൽകമോ ; | (എ) മാടായി ഐ.ടി.ഐ. യിൽ എസ്.സി.വി.റ്റി. സ്കീമിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ്, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ എന്നീ കോഴ്സുകൾ (1 വർഷം / 2 സെമസ്റ്റർ) രണ്ടു യൂണിറ്റുകൾ വീതം നടത്തി വരുന്നു. ആർക്കിടെക്ചറൽ അസിസ്റ്റന്റ് ട്രേഡിൽ 33 കുട്ടികളും, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിൽ 44 കുട്ടികളും ആണ് ഇപ്പോൾ ഈ ഐ.ടി.ഐ.യിൽ പഠിക്കുന്നത്. |
| (ബി) ഇവിടെ നടത്തിവരുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കഴിഞ്ഞവർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാൻ സാധിക്കുമോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) എൻ.സി.വി.റ്റി/എസ്.സി.വി.റ്റി. കോഴ്സുകളിൽ ഹെൽത്ത് സാനിട്ടറി ഇൻസ്പക്ടർ ട്രേഡ് പാസ്സാകുന്നവർക്ക് ഹെൽത്ത് ഇൻസ്പക്ടർ തസ്തികയിലേക്ക് അപേക്ഷിക്കാൻ സാധിക്കില്ല. എൻ.സി.വി.റ്റി/എസ്.സി.വി.റ്റി. കോഴ്സുകളിൽ ഹെൽത്ത് സാനിട്ടറി ഇൻസ്പക്ടർ ട്രേഡ് പാസ്സാകുന്ന കുട്ടികളെ സാനിട്ടറി ഇൻസ്പെക്ടർ/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II എന്നീ തസ്തികയിലെ നിയമനങ്ങൾക്ക് പരിഗണിക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ട്മെന്റിനോട് അപേക്ഷിച്ചിരുന്നു എങ്കിലും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയ്ക്ക് ഹെൽത്ത് സാനിട്ടറി ഇൻസ്പക്ടർ കോഴ്സിലെ എൻ.ടി.സി/എസ് ടി സി പരിഗണിക്കില്ല എന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാനിട്ടറി ഇൻസ്പെക്ടർ തസ്തികയ്ക്ക് ഈ ട്രേഡിലെ സർട്ടിഫിക്കറ്റ് യോഗ്യതയാക്കുവാൻ കഴിയുമോ എന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി ഇതുവരെയും ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത കോഴ്സ് കഴിഞ്ഞവർക്ക് എന്തെല്ലാം ജോലി സാദ്ധ്യതകളാണ് നിലവിലുള്ളത് ? | (സി) നിലവിൽ ഒരു തസ്തികയ്ക്കും ഹെൽത്ത് സാനിട്ടറി ഇൻസ്പക്ടർ ട്രേഡിലെ എൻ.ടി.സി/എസ്.ടി.സി. ഒരു യോഗ്യതയായി പി.എസ്.സി. അംഗീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ